1

# നിത്യതക്കുവേ പരിശോധന

## (ഇയ്യോബ് 1-3)

ഇയ്യോബിന്റെ പുസ്തകം തയ്യാറാക്കായ പശ്ചാത്തലം ഊസ് ആയിരുന്നു. പാലസ്തീന്റേയും അറബിദേശത്തിന്റേയും അതിർത്തികൾക്കിടയിലായിരുന്നു ഊസ് ദേശമെന്ന് കരുതപ്പെടുന്നു. ഗലീലാ കടലിന് കിഴക്കു ഫലപുയിഷ്ടമായ ഹൗറാനിലായിരുന്നു ഇയ്യോബിന്റെ വീട് എന്നാണ് പാരമ്പര്യം പറയുന്നത്.

പുസ്തകം എഴുതിയത് ആരാണെന്ന് നമുക്ക് അറിയില്ല, എന്നാൽ ചില പുരാതന സിദ്ധാന്തങ്ങൾ നോക്കുന്നതു പ്രയോജനം ചെയ്യും. മോശെയാണ് ആ പുസ്തകം എഴുതിയതെന്ന സിദ്ധാന്തത്തെ ചിലർ പിന്താങ്ങുന്നു്. ഉൽപത്തി 36:33-ൽ പറഞ്ഞിരിക്കുന്ന ഏദോമിലെ രാമത്തെ രാജാവായിരുന്ന യോവാബ ായി ഇയ്യോബിനെ ചില പാരമ്പര്യം തിരിച്ചറിയുന്നതായി സെപ്ത്വജിന്റിന്റെ ഫുട്ട്നോട്ടിലു്. ഏദോമ്യരുടെ ആദ്യകാല പശ്ചാത്തലവും ഇയ്യോബിന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന പശ്ചാത്തലവും പേരുകളും യോജിക്കുന്നു്. അത്, ശരിയാണെങ്കിൽ, യിസ്രായേൽ മിസ്രയിമിലായിരുന്ന പ്രാരംഭസമയത്തായിരുന്നു ഇയ്യോബ് ജീവിച്ചിരുന്നത്. ക്ഷാമത്തിനു ശേഷമായിരുന്നു യോസേഫ് തന്റെ അപ്പനെയും കൂടുംബാംഗങ്ങളേയും മിസ്രയിമിലെക്ക് വിളിച്ചു വരുത്തിയതും, യിസ്രായേൽ ജനം അവിടെ വർദ്ധിച്ചുപെരുകി ഒരു വലിയ ജാതിയായി തീർന്നതും. പാലസ്തീനു തെക്കും കിഴക്കുമായിരുന്ന ഏദോമ്യരും വികസിച്ചു വരുന്ന ദേശമായിരുന്നു.

മോശെ ആ പുസ്തകം എഴുതിയപ്പോൾ മിദ്യാനിലായിരുന്നു എന്ന് യെഹൂദപാരമ്പര്യം പറയുന്നു. ഇതും, കൂടെ, സംഭവ്യമായാലും മുകളിൽ പറഞ്ഞ പാരമ്പര്യത്തിന് എതിരാകുകയില്ല. ഇയ്യോബിന്റെ ഉടനെയുള്ള പിൻഗാമികളിൽനിന്ന് ഇയ്യോബിന്റെ സംഭവങ്ങളെല്ലാം മോശെ ഗ്രഹിച്ചുകാണാം. മിദ്യാനും ഏദോമും അയൽരാജ്യങ്ങളായിരുന്നതുകൊ് അവർ തമ്മിൽ വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്നു.

ഒരു സത്യം ചിത്രീകരിക്കുന്നതിന് കെട്ടിച്ചമച്ച ഒരു കഥാപാത്രമായിട്ടല്ല, മറിച്ച് യഥാർത്ഥമായി ജീവിച്ചിരുന്ന ഒരു വ്യക്തിയായിട്ടാണ് ഇയ്യോബിനെ ബൈബിൾ എഴുത്തുകാർ തിരിച്ചറിഞ്ഞത് (യെഹെസ്ക്കേൽ 14:14, 20; യാക്കൊബ് 5:11).

### ഇയ്യോബിന്റെ നല്ല ജീവിതം (1:1-5, 8)

ഇയ്യോബിനെപോലെ കുറെ പേർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു, അവന്റെ മഹത്തായ അനുഗ്രഹങ്ങൾ പലതും 1:1-5 ൽ പറഞ്ഞിട്ടു്:

> ഊസ് ദേശത്ത് ഇയ്യോബ് എന്നുപേരുള്ളോരു പുരുഷൻ ഉായിരുന്നു. അവൻ നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായിരുന്നു. അവന്ന് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു; അവന്ന് 7,000 ആടും 3,000 ഒട്ടകവും 500 ഏർ കാളയും 500

> പെൺകഴുതയുമായ മൃഗസമ്പത്തും ഏറ്റവും വളരെ ദാസജനവും ഉായിരുന്നു. അവന്റെ പുത്രന്മാർ ഓരോരുത്തൻ താന്താന്റെ ദിവസത്തിൽ താന്താന്റെ വീട്ടിൽ വിരുന്ന് കഴിക്കയും തങ്ങളോടുകൂടെ ഭക്ഷിച്ചു പാനം ചെയ്യുവാൻ തങ്ങളുടെ മൂന്നു സഹോദരിമാരെയും ആളയച്ചു വിളിപ്പിക്കയും ചെയ്ക പതിവായിരുന്നു. എന്നാൽ വിരുന്നുനാളുകൾ വട്ടം തികയുമ്പോൾ, ഇയ്യോബ് പക്ഷെ, "തന്റെ പുത്രന്മാർ പാപം ചെയ്തു ദൈവത്തെ ഹൃദയംകൊു ത്യജിച്ചുപോയിരിക്കുമെന്ന്" പറഞ്ഞ് ആളയച്ചു അവരെ വരുത്തി ശുദ്ധീകരിക്കയും നന്നാ രാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യക്ക് ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായ്പോഴും ചെയ്തുപോന്നു.

ഇയ്യോബ് ഒരു നല്ല മനുഷ്യനും നീതിമാനും, നന്മയെ ഇഷ്ടപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു. അവൻ നിഷ്ക്കളങ്കനായിരുന്നു (1:1, 8), അതിനർത്ഥം അവനിൽ പാപം ഇല്ലായിരുന്നു എന്നല്ല, എന്നാൽ അവൻ ദൈവത്തിൽ വിശ്വസ്തനായിരുന്നു എന്നർത്ഥം. അവൻ തന്റെ ഭക്തിയിൽ തുടരുകയും ദൈവത്തെ ആരാധിക്കയും ചെയ്തുപോന്നു (1:5).

ഇയ്യോബിന്റെ അനുഗ്രഹങ്ങളിൽ നല്ലൊരു കുടുംബവുമുായിരുന്നു. അവന് ഏഴു ആൺമക്കളും മൂന്ന് പെൺമക്കളുമടക്കം പത്തു മക്കളുായിരുന്നു. അവരെല്ലാവരും അടുത്ത കുടുംബബന്ധമാണ് പുലർത്തിയിരുന്നത്. ഓരോ പുത്രനും ഓരോ വിരുന്നുകഴിക്കുന്ന "ദിവസമുായിരുന്നു" – അത് ഒരുപക്ഷെ ജന്മദിവസമായിരുന്നേക്കാം – ആ വിരുന്നുകളിൽ പങ്കെടുക്കുവാൻ അവരുടെ സഹോദരിമാരെയും ക്ഷണിച്ചിരുന്നു. കുടുംബാംഗങ്ങൾ ഒത്തുകൂടുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നു. പരസ്പരം അടുത്തിരിക്കുന്നതും സ്നേഹിക്കുന്നതുമല്ലാതെ ഒരു പിതാവ് മറ്റെന്താണ് അവരിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ഭൗതികമായ വലിയ സമ്പത്തിനു ഉടമയായിരുന്നു ഇയ്യോബ്. ആടുമാടുകളുടെ എണ്ണം കൊായിരുന്നു അന്ന് ആളുകളുടെ സമ്പത്ത് കണക്കാക്കിയിരുന്നത്. അവന്ന്, 7,000 ആടുകളും, 3,000 ഒട്ടകങ്ങളും, 500 ഏർ കാളയും 500 പെൺകഴുതകളും അസംഖ്യം ദാസജനവും ഉായിരുന്നു. രാജ്യത്തിലെ ആഭാഗത്ത് അവൻ ഒരു വലിയ ധനികൻ തന്നെയായിരുന്നു.

നല്ല ആരോഗ്യമില്ലെങ്കിൽ, ഭൗതികമായ മറ്റനുഗ്രഹങ്ങൾ ഒന്നുമല്ലായിരുന്നു, ഇയ്യോബിന് നല്ല ആരോഗ്യവുമുായിരുന്നു. സമ്പത്തിന്റെ മഹിമ തന്നെ മങ്ങിപ്പോകും. ആരോഗ്യം നഷ്ടമായാൽ, ഒന്നുകിൽ സമ്പത്ത് ചോർന്നു പോകും അല്ലെങ്കിൽ അത് ആസ്വദിക്കുവാൻ കഴിയുകയില്ല.

ഇയ്യോബിന്റെ സ്നേഹിതന്മാർ അവനെ ബഹുമാനിച്ചിരുന്നു. ഇതും, കൂടെ, സന്തോഷിപ്പിക്കുന്ന അനുഗ്രഹമാണ്. വാസ്തവത്തിൽ, ചിലർ ദൈവം സ്വീകരിക്കുന്ന വിലയേക്കാൾ സ്നേഹിതന്മാർ സ്വീകരിക്കുന്ന വിലയെ മതിക്കും. മനുഷ്യരുടെ ബഹുമാനത്തേക്കാൾ ദൈവത്തിന്റെ സ്വീകാര്യതക്കാണ് ഇയ്യോബ് മുൻതൂക്കം കൊടുത്തിരുന്നതെങ്കിലും, സ്നേഹിതരുടെ ബഹുമാനത്തെ അവൻ അനുമോദിച്ചിരുന്നു. നമുക്ക് എല്ലാവർക്കും സ്നേഹിതന്മാരും അവരുടെ ബഹുമാനവും ആവശ്യമാണ്.

അവയിലെല്ലാറ്റിലുമുപരിയായി, ഇയ്യോബ് ദൈവത്തിന്റെ അംഗീകാരം ആസ്വദിച്ചിരുന്നു: "'... അവനെപോലെ, നിഷ്ക്കളങ്കനും, ദൈവഭക്തനും,

നേരുള്ളവനും, ദോഷം വിട്ടകലുന്നവനും ഭൂമിയിൽ മറ്റാരുമില്ലല്ലൊ'" (1:8). നാം ദൈവത്താൽ അംഗീകരിക്കപ്പെടുന്നു എന്നറിയുന്നതിനേക്കാൾ വലിയ അനുഗ്രഹം മറ്റൊന്നില്ല. ഏതെങ്കിലും ഒരു മനുഷ്യന് എപ്പോഴെങ്കിലും ന ൽകിയിട്ടുള്ള പ്രശംസയേക്കാൾ ഏറ്റവും മഹത്തായ പ്രശംസയാണ് ദൈവം ഇയ്യോബിന് നൽകിയത്. നമ്മുടെ ജീവിതത്തെ കുറിച്ച് ദൈവം നല്ല അഭിപ്ര ായം പറയുന്നതിനേക്കാൾ എന്തു നേട്ടമാണ് നമുക്ക് വേത്?

## ഇയ്യോബിനെ പരീക്ഷിക്കുന്നു (1:6-2:10)

സാത്താൻ ഭൂമിയിൽ അന്നും ഇന്നും സജീവമായി പ്രവർത്തിച്ചുകൊ ാണ്ടിരിക്കുന്നത്. ദൈവപുത്രന്മാർ ദൈവത്തെ സന്ദർശിക്കുവാൻ അവന്റെ സന്നിധിയിലെത്തിയപ്പോൾ അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു. ഈ സന്ദർഭത്തിൽ, ദൈവപുത്രന്മാർ എന്ന് പറഞ്ഞിരിക്കുന്നത് സാധാരണ ദൈവദൂ തന്മാരായി കണക്കാക്കണം. സാത്താന്റെ ശക്തിയെ സംബന്ധിച്ച് ഒരു വലിയ പാഠം ഉയരുന്നു. ദൈവദൂതന്മാരോടൊപ്പം സാത്താനു പ്രവേശിക്കുവാൻ കഴിയുമെങ്കിൽ, നമ്മുടെ ഇടവകകളിൽ അവൻ തന്റെ നിലയിൽ പ്രവർത്തി ക്കുന്നതിൽ അതിശയിക്കുവാനില്ല. അവൻ "ഭൂമിയിൽ ഊടാടി സഞ്ചരിക്കു കയായിരുന്നു" എന്നതു ശ്രദ്ധിക്കുക (1:7).

ആ സ്വർഗീയ സന്ദർശനത്തെക്കുറിച്ചായിരുന്നില്ല ദൈവവും സാത്താനും സംസാരിച്ചത്, പിന്നെയോ ഭൂമിയിലുള്ള ഒരാളെ കുറിച്ചായിരുന്നു. ദൈവ ത്തിന്റെ സൃഷ്ടിയായ മനുഷ്യനെ, ആദാമിനേയും ഹവ്വയേയും മുതൽ ദൈവത്തിൽനിന്നകറ്റാൻ സാത്താൻ ഭൂമിയിൽ എല്ലാ ശ്രമവും നടത്തിക്കൊ ാണ്ടിരുന്നത് (ഉൽപത്തി 3), എന്നാൽ അവൻ ഇയ്യോബിനെ ദൈവത്തിൽന ിന്നും അകറ്റിയിരുന്നില്ല.

ദൈവം സാത്താനോട് പറഞ്ഞു, "എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടി വെച്ചുവോ?" (1:8). സാത്താൻ ഇയ്യോബിന്റെ മേൽ ദൃഷ്ടി പതിപ്പി ച്ചിരുന്നു. ഇയ്യോബിന്റെ നന്മയെ സാത്താൻ ചോദ്യം ചെയ്തിരുന്നില്ല. പകരം, അവൻ സംഗതിയുടെ കേന്ദ്രബിന്ദുവിലേക്ക് തിരിഞ്ഞു. അവൻ ഇയ്യോബിന്റെ ഉദ്ദേശത്തെയാണ് ചോദ്യം ചെയ്തത്. ഇയ്യോബിനെ അനുഗ്രഹിച്ചതുപോലെ ആരെ അനുഗ്രഹിച്ചാലും അവൻ ദൈവത്തോട് സത്യസന്ധനായിരിക്കും എന്നാണ് സാത്താൻ വിശ്വസിച്ചത്. അവൻ ദൈവത്തെ സേവിക്കുന്നത് സ്വാർത്ഥലാഭം കൊാണ്ടെന്ന് സാത്താൻ അവനെ കുറ്റപ്പെടുത്തി:

> വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്? നീ അവന്നും അവന്റെ വീട്ടിന്നും അവനുള്ള സകലത്തിന്നും ചുറ്റും വേലി കെട്ടീട്ടി ല്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു. അവന്റെ മൃഗസമ്പത്ത് ദേശത്ത് പെരുകിയിരിക്കുന്നു. തൃക്കൈ നീട്ടി അവന്നുള്ള തൊക്കെയും ഒന്നു തൊടുക. അവൻ നിന്നെ അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും എന്നു പറഞ്ഞു (1:9–11).

ദൈവം ഇയ്യോബിന് അവന്റെ ആഗ്രഹത്തിനൊത്ത് അനുഗ്രഹങ്ങൾ ന ൽകിയതുകൊാണ്ട് അവൻ ദൈവഭക്തനായിരുന്നത് എന്നാണ് സാത്താൻ അന്തർലീനമാക്കിയത്. ദൈവം ഇയ്യോബിനെ അനുഗ്രഹിക്കുന്നതു നിർത്തി യാൽ, അവന്റെ ദൈവഭക്തിയും അതോടെ നില്ക്കുമെന്നാണ് സാത്താൻ പ

റഞ്ഞത്.

സാത്താന്റെ അവകാശവാദം പരീക്ഷിക്കുവാനായി ദൈവം സാത്താനെ അനുവദിച്ചു. "ഇതാ, അവനുള്ളതൊക്കെയും നിന്റെ കയ്യിലിരിക്കുന്നു. അവന്റെ മേൽ മാത്രം കയ്യേറ്റം ചെയ്യരുത്" എന്ന് ദൈവം പറഞ്ഞു.

ഇവിടെ സാത്താനെ കുറിച്ചും അവന്റെ പരീക്ഷണങ്ങളെ കുറിച്ചും പ്രധാനപ്പെട്ട ചില പാഠങ്ങൾ നമുക്ക് പഠിക്കുവാൻ കഴിയും. ഒന്നാമതായി ഇയ്യോബിനെപോലെയുള്ള ഒരാൾക്ക് സാത്താനെ ഒഴിഞ്ഞു മാറുവാൻ കഴിഞ്ഞില്ലെങ്കിൽ നമുക്കും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. രാമത്, ഇയ്യോബിനെപോലെയുള്ള ഒരാളെ സാത്താന്റെ ശക്തിയാൽ പരീക്ഷിപ്പാനും (ഒരു പരിധിവരെ), പത്രൊസിനെ സാത്താന് പാറ്റുവാൻ അനുവദിപ്പാനും ഇടയാക്കിയെങ്കിൽ, നാമും, അതിന് വിധേയരാകും എന്നോർക്കുക (ലൂക്കൊസ് 22:31, 32). മൂന്നാമത്, സാത്താന്റെ ശക്തിക്ക് ദൈവം ഒരു പരിധി വെച്ചിരിക്കുന്നു. ഇയ്യോബിന്റെ ഭൗമിക അനുഗ്രഹങ്ങളെ എടുത്തുകളവാൻ സാത്താനെ ദൈവം അനുവദിച്ചു, എന്നാൽ അവന്റെ മേൽ കൈവെപ്പാൻ (ആ സമയത്ത്) അനുവദിച്ചില്ല. ഇയ്യോബിനെ അവന്റെ കഴിവിനപ്പുറമായി പരീക്ഷിപ്പാൻ ദൈവം സാത്താനെ അനുവദിച്ചില്ല. നാമെല്ലാവരും പരീക്ഷിക്കപ്പെടും, എന്നാൽ "ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്ക് സഹിപ്പാൻ കഴിയേതിന്ന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉാക്കും" (1 കൊരിന്ത്യർ 10:13).

സാത്താന് ദൈവിക അനുവാദമുള്ളതുപോലെ, ദൈവികനിയന്ത്രണവും ഉ്. സാത്താനെ നിയന്ത്രിക്കുവാൻ കഴിവുള്ളവൻ ദൈവം മാത്രമാണ്. "എന്തിന്? ഇയ്യോബിനെ അത്ര കഠിനമായി പരീക്ഷിപ്പാൻ അനുവദിച്ചതിലുള്ള നന്മ എന്താണ്?" എന്നു നാം ചോദിച്ചേക്കാം. പുസ്തകത്തിന്റെ മുഴുവൻ ഉദ്ദേശവും ആ ചോദ്യത്തിന് ഉത്തരം നൽകുകയാണ്. നമ്മുടെ പഠനം പുരോഗമിക്കുമ്പോൾ ഉത്തരങ്ങൾ വെളിപ്പെട്ടുകിട്ടും. ദൈവമാണ് സകലവും നിയന്ത്രിക്കുന്നത്. താൻ ചെയ്യുന്നതെന്തെന്ന് അവന് നന്നായി അറിയാം. ഇയ്യോബും അവനുള്ളതെല്ലാം ദൈവത്തിന്റേതാകയാൽ, അവന്റെ പ്രവൃത്തി നീതീകരിക്കാവുന്നതാണ് (സങ്കീർത്തനങ്ങൾ 24:1; 50:10–12; പുറപ്പാട് 19:5; ഹഗായി 2:8; യെഹെസ്ക്കേൽ 18:4). ഇയ്യോബ് അത് തിരിച്ചറിഞ്ഞിരുന്നു. അവൻ പറഞ്ഞു, "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽനിന്നു പുറപ്പെട്ടുവന്നു. നഗ്നനായി തന്നെ മടങ്ങിപോകും" (1:21).

ഇയ്യോബിൽനിന്ന് സാത്താൻ എടുത്തുകളഞ്ഞ അനുഗ്രഹങ്ങൾ നോക്കുക: അവന്റെ കാളകൾ, ഒട്ടകങ്ങൾ, കഴുതകൾ, ആടുകൾ, അവന്റെ മക്കൾ, ദാസന്മാർ എന്നിവ (1:13–22). അദ്ധ്യായം 1–ൽ പറഞ്ഞതായ അനുഗ്രഹങ്ങളിൽ രണ്ണം അവനിൽനിന്ന് എടുത്തുകളയാവുന്നതായിരുന്നില്ല. ഇയ്യോബിന്റെ നീതിയോ അവന്നുായിരുന്ന ദൈവികമായ അംഗീകാരമോ സാത്താന് എടുത്തു മാറ്റുവാൻ കഴിഞ്ഞില്ല. ആ അനുഗ്രഹങ്ങളായിരുന്നു സാത്താൻ അവനിൽനിന്ന് ഏറ്റവും അധികമായി എടുത്തുമാറ്റുവാൻ ആഗ്രഹിച്ചത്. നമ്മുടെ കുടുംബങ്ങൾ എത്ര നല്ലവരാണെന്നോ, നമ്മുടെ സമ്പത്ത് എത്ര വലുതാണെന്നോ, അല്ലെങ്കിൽ നമുക്ക് എത്രമാത്രം സ്നേഹിതന്മാർ ഉ് എന്നോ സാത്താന് കാര്യമല്ല. സാത്താനു പ്രശ്നമാകുന്നത് നാം ദൈവത്തെ സ്നേഹിക്കുന്നതും ദൈവം നമ്മെ സ്നേഹിക്കുന്നതുമാണ്.

ഇയ്യോബിന്റെ സമ്പത്ത് എടുത്തു മാറ്റി അവനു ദൈവത്തോടുള്ള സ്നേ

ഹത്തെ ദുർബ്ബലപ്പെടുത്താമെന്നാണ് സാത്താൻ വിചാരിച്ചത്. അവന്റെ കാളകളും, ആടുകളും, കഴുതകളും, ദാസന്മാരും നഷ്ടമായ ഓരോ സന്ദർഭത്തിലും ആ വിപത്ത് അവനെ അറിയിക്കുവാൻ ഓരോരുത്തനെ ശേഷിപ്പിച്ചു. പിന്നെ ഇയ്യോബിന്റെ കുടുംബത്തെ പിശാച് ബാധിച്ചു.

ഒന്നാമത്തെ പരീക്ഷണത്തെ തുടർന്ന് രാമത്തെ വലിയ പരീക്ഷണമുായി (2:1-10). ദൈവവും സാത്താനും വീും സംസാരിച്ചു. വീും ദൈവം തന്റെ വിശ്വസ്ത ദാസനായ ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തെ പഴിക്കുകയോ ചെയ്തില്ല എന്ന് ഓർപ്പിച്ചു. ഇയ്യോബ് ഒന്നാമത്തെ പരീക്ഷണത്തിൽ വിജയിച്ചു. രാമത്തേത് വിജയിക്കുവാൻ അവന് കഴിയുമോ?

സാത്താൻ പിന്നെ ആക്രമിച്ചത് അവന്റെ നല്ല ആരോഗ്യത്തെയാണ്. ഇയ്യോബിന്റെ കാലത്ത് നല്ല ആരോഗ്യം ദൈവത്തിന്റെ അംഗീകാരമായിട്ടാണ് കരുതിയിരുന്നത്. താൻ ദൈവത്താൽ അംഗീകരിക്കപ്പെടുന്നതായി അറിയുന്നില്ലെങ്കിൽ, ഒരു നല്ല മനുഷ്യന് ധനമുായാലും അത് ആസ്വദിക്കുവാൻ പ്രയാസം നേരിടും.

സാത്താൻ അങ്ങനെ എളുപ്പത്തിൽ വിട്ടുപോകുന്നവനല്ല. "നീ നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചുപറയും" എന്ന് സാത്താൻ പറഞ്ഞു (2:5). സാത്താൻ തന്റെ അതിർ വിപുലമാക്കുവാൻ ആഗ്രഹിച്ചു. ദൈവം പറഞ്ഞു, "ഇതാ, അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു. അവന്റെ പ്രാണനെ മാത്രം തൊടരുത്."

ഇയ്യോബിന്റെ ദുഃഖം വർദ്ധിച്ചു. സാത്താൻ അവന്റെ ശരീരത്തെ ബാധിക്കുകയും, അവന്റെ തല മുതൽ പാദം വരെ പരുക്കൾ നിറയുകയും ചെയ്തു. അവൻ വെണ്ണീരിലിരുന്ന് ഒരു ഓട്ടിൻ കഷണം കൊ് ചുരിക്കൊിരുന്നു. അവന്റെ ഭാര്യ അവനെതിരായി തിരിഞ്ഞു. ആ അവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ ദൈവത്തെ ത്യജിച്ചുപറഞ്ഞു മരിക്കുന്നതാണ് നല്ലത് എന്നാണ് അവൾ അവന് ഉപദേശിച്ചുകൊടുത്തത്. ഒരിക്കലും ഒരു കുഴപ്പവുമില്ലാതെ നന്മകൾ മാത്രം ദൈവത്തിൽനിന്നു പ്രതീക്ഷിക്കുന്നത് സ്വാർത്ഥതയാണ് എന്ന് പറഞ്ഞ് അവൻ തന്റെ ഭാര്യയെ ശാസിച്ചു. കയ്പോടുകൂടെ മധുരവും വരുന്നു എന്ന് അവൻ അറിഞ്ഞിരുന്നു. അവൻ അതിൽ സന്തോഷിച്ചില്ലെങ്കിലും, അവൻ അത് സ്വീകരിച്ചു.

### ഇയ്യോബിന്റെ ചോദ്യം (2:11-3:26)

അവനെ ആശ്വസിപ്പാൻ ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ വന്നു (2:11-13). ഏലിഫാസും, ബിൽദാദും, സോഫറും ദൂരത്ത് നിന്ന് ഇയ്യോബിനെ കപ്പോൾ അവനെ തിരിച്ചറിഞ്ഞില്ല. അവർ ഒരു വാക്ക് പോലും പറയാതെ ഏഴു ദിവസം അവനോടുകൂടെ ഇരുന്നു കരഞ്ഞു, കാരണം ഇയ്യോബിന്റെ ദുഃഖം അതി തീവ്രമായിരുന്നു എന്ന് അവർ മനസിലാക്കിയിരുന്നു.

ജനിച്ച ദിവസത്തെ ഇയ്യോബ് ശപിച്ചു (3:1-10). ജീവിച്ചിരുന്നു സന്തോഷിക്കാതവണ്ണം അവന്റെ വേദന അതി കഠിനമായിരുന്നു. താൻ ജനിച്ച ദിവസം തന്നെ മരിക്കാതിരുന്നതെന്ത് എന്ന് ഇയ്യോബ് സംശയിച്ചുപോയി (3:11-19). ഇത്തരം കുഴപ്പവുമായി ജീവിക്കുന്നതിലും ഭേദം ജനിച്ചപ്പോൾ തന്നെ മരിക്കുന്നതായിരുന്നു എന്നാണ് ഇയ്യോബ് വിചാരിച്ചത്. കാരണം മരിച്ചുകഴിഞ്ഞാൽ വിശ്രമം ലഭിക്കുമല്ലൊ. മരണശേഷം, "ദുർജ്ജനം ഉപദ്രവിക്കാതെയിരിക്കുന്നു. ക്ഷീണിച്ചുപോയവർ. അവിടെ വിശ്രമിക്കുന്നു. അവിടെ ബദ്ധന്മാർ ഒരുപോലെ

സുഖമായിരിക്കുന്നു. പീഢകന്റെ ശബ്ദം അവർ കേൾക്കാതിരിക്കുന്നു" (3:17, 18). തന്റെ ജീവിതത്തിൽ ഇയ്യോബിന് അനുഭവിക്കേി വന്നതായ കഷ്ടവും, വേദനയും, ദുഃഖവും, ഏകാന്തതയും വിചാരിച്ച സമയത്ത് മരിക്കുകയാണെ ങ്കിൽ അവയിൽനിന്നെല്ലാം ഒരു മോചനം ലഭിക്കുമല്ലോ എന്നാണ് ഇയ്യോബ് വിചാരിച്ചത്. നിധി കുഴിച്ചെടുക്കുവാൻ ശ്രമിക്കുന്നവർ സമൃദ്ധി ആഗ്രഹിക്കു ന്നതുപോലെയാണ് അവൻ മരണം ആഗ്രഹിച്ചത്.

മനുഷ്യൻ ജനിച്ച് ഇത്തരം കുഴപ്പങ്ങൾ അനുഭവിക്കേിന്ന് ദൈവം അനു വദിക്കുന്നതെന്തുകൊാണെന്ന് അവൻ സംശയിച്ചിരുന്നു. ഇത്തരം ദുരിതങ്ങൾ നമുക്കുാകുമ്പോൾ നമ്മുടെ ചോദ്യങ്ങളും ഇതിനോട് ചേർക്കാവുന്നതാണ്. അവന്റെ മക്കൾ മരിക്കേിവന്നതെന്തുകൊ്? അവന്റെ ദാസന്മാർ മരിക്കേിവ ന്നതെന്തുകൊ്?

വിപത്തുകൾ കുടുംബത്തിലുാകുവാനിടയുന്നെ് ഇയ്യോബിന് അറിയാ മായിരുന്നുവെങ്കിലും, ആ സംഭവങ്ങളെല്ലാം ദൈവം അനുവദിച്ചത് എന്തി നാണെന്ന് അവന് മനസിലായില്ല. "ഞാൻ പേടിച്ചതുതന്നെ എനിക്ക് നേരിട്ടു; ഞാൻ ഭയപ്പെട്ടിരുന്നതു എനിക്ക് ഭവിച്ചു; ഞാൻ സ്വസ്ഥനായില്ല, വിശ്രമി ച്ചില്ല, ആശ്വസിച്ചുമില്ല" (3:25, 26). അവൻ ഒരിക്കലും സൂക്ഷിക്കാതിരുന്നില്ല, ദൈവത്തെ ആരാധിക്കുന്നത് നിർത്തിയിരുന്നില്ല, ദൈവഭക്തിയിൽ ഒട്ടും കുറവും വരുത്തിയിരുന്നില്ല. അതിൽ ഏതെങ്കിലും ഒന്നിൽ കുറവു വന്നാൽ വിപത്തു വരുമെന്ന് അവൻ ഭയപ്പെട്ടിരുന്നു. എന്നിട്ടും അതു തന്നെ സംഭവി ച്ചു, എന്തുകൊ്?

അതേ പ്രശ്നങ്ങൾ നമുക്കും ഉാകുമ്പോൾ, നാമും ചോദിച്ചേക്കാം, "എന്തു കൊ്?" ഉത്തരം കത്തെുക പ്രയാസമാണ്. ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ നമുക്ക് ജീവിതത്തെ കാണുവാൻ കഴിയുന്നില്ല. ഒരു സമയത്ത്, ഇയ്യോബ് മറ്റൊരു വെളിച്ചത്തിൽ ദൈവത്തെ കു. അപ്പോൾ അവന് കഷ്ടതകൾ കൂടുതൽ തയ്യാ റെടുപ്പോടെ സ്വീകരിപ്പാൻ കഴിഞ്ഞു.

**ഉപസംഹാരം**

ഭൂമിയിൽ എന്നേക്കും വസിക്കേിനല്ല ദൈവം നമ്മെ സൃഷ്ടിച്ചത്. നമുക്ക് വേി സ്വർഗത്തിൽ അവൻ ശ്രേഷ്ഠമായ ഒരു സ്ഥലം ഒരുക്കിയിട്ടു്. അവിടത്തെ ജീവിതത്തിനുവേി നമ്മെ ഒരുക്കേ പരീക്ഷണമാണ് ഇവിടെയുള്ള ജീവിതം.

> നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന റിഞ്ഞു, അതു അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ ന ിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും, സമ്പൂർണ്ണരും ആകേതിന്ന് സ്ഥിരതക്ക് തികഞ്ഞ പ്രവൃത്തി ഉാകട്ടെ (യാക്കൊബ് 1:2-4).